<u>**പതിനാലാം കേരള നിയമസഭ**</u>

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.**1806** 10.03.2023 ൽ മറുപടി നൽകേണ്ടിയിരുന്നത്

## <u>അവയവദാനം കാര്യക്ഷമമാക്കാൻ നടപടി</u>

<table>
<tr><td></td><td><u>ചോദ്യം</u><br>ശ്രീ.എം.രാജഗോപാലൻ</td><td></td><td><u>മറുപടി</u><br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യ വനിതാ-ശിശുവികസന വകുപ്പ മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പേർ വൃക്ക, കരൾ എന്നിവ മാറ്റിവയ്ക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് അവയവദാനം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;;</td><td>(എ)</td><td>മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി (KNOS) വഴി വൃക്ക, കരൾ തുടങ്ങിയ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി 06.03.2020 വരെ രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെയും അവയവദാനം അനുവദിച്ചവരുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>അവയവം</th><th>രജിസ്റ്റർ ചെയ്തവരുടെ എണ്ണം</th><th>അനുവദിച്ചവരുടെ എണ്ണം</th></tr>
<tr><td>1</td><td>വൃക്ക</td><td>1316</td><td>146</td></tr>
<tr><td>2</td><td>കരൾ</td><td>631</td><td>77</td></tr>
</table></td></tr>
<tr><td>(ബി)</td><td>അവയവദാനം കാര്യക്ഷമമാക്കി രോഗികളെ രക്ഷിക്കാൻ അടിയന്തര നടപടികൾ ഉണ്ടാകുമോ?</td><td>(ബി)</td><td>അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനും, അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരികയെന്ന ലക്ഷ്യത്തോടെയും കേരള സർക്കാരിന്റെ കീഴിൽ കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിച്ചിട്ടുണ്ട്. ഇത് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br>മൃതസഞ്ജീവനി ഉൾപ്പടെ അവയവമാറ്റവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളും കെ-സോട്ടോ</td></tr>
</table>

| | | | |
|---|---|---|---|
| | | | മുഖേന പ്രവർത്തിക്കുന്നതാണ്. നിലവിൽ കെ-സോട്ടോയുടെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്. പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്ന മുറയ്ക്ക് അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്ന സർക്കാർ തലത്തിലെ ഓഫീസായി പ്രവർത്തിക്കുവാൻ കെ-സോട്ടോയ്ക്ക് കഴിയുന്നതാണ്. നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേന ഒരു രജിസ്ട്രി തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇത് നിലവിൽ വരുന്നതോടെ അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമമാകുകയും സുതാര്യമാകുകയും ചെയ്യും. അവയവദാന രംഗത്ത് സമഗ്ര മാറ്റം കൊണ്ടു വരുന്നതിന് ഒരു പ്രോട്ടോകോൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ